# അക്കാദമിക് മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവൺമെന്റ് എൽ. പി. എസ്. പത്തനാപുരം |
| താലൂക്ക് | : | പത്തനാപുരം |
| പഞ്ചായത്ത് | : | പത്തനാപുരം |
| ബി. ആർ. സി. | : | പുനലൂർ |
| സബ്ജില്ല | : | പുനലൂർ |
| വിദ്യാഭ്യാസ ജില്ല | : | പുനലൂർ |
| റവന്യൂ ജില്ല | : | കൊല്ലം |

# ഉള്ളടക്കം


- ആമുഖം -3
- വിദ്യാലയ ലഘു ചരിത്രം 4 ,5
- വിദ്യാലയ മികവുകളും നേട്ടങ്ങളും പരിമിതികളും 6, 7
- കുട്ടികളുടെ എണ്ണം,ജീവനക്കാരുടെ എണ്ണം 8
- വിദ്യാലയ വികസന കാഴ്ച്ചപ്പാട് 9, 10
- മികവിനായ് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ (ഒറ്റ നോട്ടത്തിൽ ) 11
- പദ്ധതി വിശദാംശങ്ങൾ

  മേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ,കാലം, സാമ്പത്തീക വിശകനം, ഭൗതീകം, ചുമ
- ഹ്രസ്വകാല, മധ്യകാല, ദീർഘകാല് പ്രവർത്തന കലണ്ടർ
- മോണിറ്ററിംഗ്
- ഉപസംഹാരം

# ആമുഖം

പത്തനാപുരത്തിന്റെ സാംസ്കാരിക പുരോഗതിയുടെ നാഴികക്കല്ലായി അറിവിന്റെ അക്ഷയഖനിയുടെ പുത്തൻ വാതായനങ്ങളിലേക്ക് കൈപിടിച്ചു നടത്തി സമർപ്പണത്തിന്റെ സേവനപാതയിലൂടെ ഒരു കൊച്ചു കലാലയം, ഗവ. എൽ. പി. എസ്. പത്തനാപുരം-സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള നിരവധി പ്രതിഭാധനൻമാരെ വാർത്തെടുത്ത ഈ സരസ്വതീ ക്ഷേത്രത്തെ എന്നും അതിന്റെ എല്ലാ പ്രൗഢിയോടും കൂടി നിലനിർത്താൻ കാലത്തിനനുസരിച്ച് മാറ്റങ്ങൾ അനിവാര്യമാണ്. അതിനാൽ വിദ്യാഭ്യാസ രംഗത്ത് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ജനകീയ പരിപാടിയായ പൊതു വിദ്യാലയ സംരക്ഷണ യജ്ഞത്തിൽ ഈ കൊച്ചു കലാലയവും കൈകോർക്കുകയാണ്. അക്കാദമീകവും ഭൗതീകവുമായ മികവിലൂടെ ഈ വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ വിദ്യാഭ്യാസ, സാമൂഹിക, രാഷ്ട്രീയ രംഗത്തെ എല്ലാ സുമനസ്സുകളുടെയും കൂട്ടായ്മ ആവശ്യമാണ്. ഇതിന്റെ മുന്നോടിയായി ഈ വിദ്യാലയത്തിന്റെ സമഗ്രവികസനത്തിനുവേണ്ടി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ വിനയപൂർവ്വം സമർപ്പിക്കുന്നു.

# വിദ്യാലയ ചരിത്രം



പത്തനാപുരത്തെ ആദ്യ വിദ്യാലയമായ പത്തനാപുരം ഗവ. എൽ.പി. എസ്. 1909 ഫെബ്രുവരി 16- നാണ്. സ്ഥാപിതമായത് . ആദ്യകാലങ്ങളിൽ പെൺപള്ളിക്കുടം എന്നറിയപ്പെട്ടിരുന്ന ഈ സ്കൂൾ 1936-ൽ സർക്കാർ ഏറ്റെടുത്തു. ഈ സ്ഥാപനം വളർന്നു. പ്രദേശത്തെ മികച്ച സ്ഥാപനമാണെന്നാഗ്രഹിച്ച പടിഞ്ഞാറ്റതിൽ ജനാബ് ചിന്നമീരാൻ റാവുത്തർ മകൻ ഹാജി സി. മുഹമ്മദ് സാഹിബ് അന്നത്തെ ഒരു ചക്രം വിലവച്ച് 44 സെന്റ് സ്ഥലം സ്കൂളിനായി സംഭാവന ചെയ്തു അവിടെ ഒരു കെട്ടിടം പണിത് പ്രവർത്തനം മെച്ചപ്പെടുത്തി ഇപ്പോൾ നൂറ്റാണ്ടിന്റെ പ്രവർത്തനപ്പെരുമയുമായി ശതാബ്ദി പിന്നിട്ട ഈ വിദ്യാലയം പത്തനാപുരത്തിന്റെ അഭിമാനമായി മാറുകയാണ്. എപ്പോഴും ആർക്കും കടന്നുവരാൻ കഴിയുന്ന ഒരു ജനകീയ വേദിയാണ് ഈ വിദ്യാലയം.

സർക്കാറിന്റെ ഭരണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2004- 2005 അധ്യയനവർഷത്തിൽ സ്കൂളിന്റെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഫണ്ടുകൾ അനുവദിക്കുകയും അത് വേണ്ടവിധം വിനിയോഗിക്കുകയും ചെയ്തു. കാലപ്പഴക്കം ചെന്ന പഴക്കകെട്ടിടം പൊളിച്ചുമാറ്റി എസ്. എസ്. എ നിർമ്മിച്ചു. നൽകിയ കെട്ടിടത്തിലും പി.റ്റി. എ. യുടെയും. നാട്ടുകാരുടെയും സഹായത്തോടെ നിർമ്മിച്ച കെട്ടിടത്തിലുമാണ് ഇപ്പോൾ വിദ്യാലയം പ്രവർത്തിക്കുന്നത്. കമ്പ്യൂട്ടർ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട എം. എൽ. എ. യുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നും പത്തനാപുരം ഗ്രാമപഞ്ചായത്തിൽ അനുവദിച്ച കമ്പ്യൂട്ടറുകളും ലൈബ്രറിയും പ്രവർത്തിച്ചുവരുന്നു.മലയോര പ്രദേശമായ പത്തനാപുരത്തിന് വിദ്യാഭ്യാസ സാമൂഹിക മേഖലയിൽ സുപ്രധാനമായൊരു സ്ഥാനം നേടിയെടുക്കാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.വിവിധ രംഗങ്ങളിൽ വ്യക്തി മുദ്രപതിപ്പിച്ച നിരവധി പ്രതിഭകളെ സംഭാവന ചെയ്തു. ഈ വിദ്യാലയം ഇന്ന് വളർച്ചയുടെ പാതയിലാണ്. ക്ളസ്റ്റർ റിസോഴ്സ് സെന്റർ കൂടിയാണ് ഈ വിദ്യാലയം. സാധാരണക്കാരുടെ കുട്ടികൾക്ക് പ്രാഥമീക വിദ്യാഭ്യാസത്തിന് ഒരു അഭയ കേന്ദ്രമാണ്. ഈ പ്രൈമറി വിദ്യാലയം, അധ്യാപകർ,രക്ഷിതാക്കൾ, ജനപ്രതിനിധികൾ എന്നിവരുടെ അകമഴിഞ്ഞ പിന്തുണയോടെ മലയോരമേഖലയുടെ അഭിമാനമായി വളർന്നു. നിൽക്കുന്നു. ഈ മുത്തശ്ശി പള്ളിക്കുടം.

# നേട്ടങ്ങളും, പരിമിധികളും



- പിന്നോക്കം നിൽക്കുന്ന ചെറിയൊരു ശതമാനം കുട്ടികൾ ഒഴികെ മികവ് പുലർത്തുന്ന കുട്ടികളാണ് ഏറെയും.
- കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവ്.
- ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യം
- ഐ.റ്റി. സാധ്യത പ്രയോജനപ്പെടുത്തുന്നു.
- കായിക അധ്യാപകന്റെ നേതൃത്വത്തിൽ മികച്ച പരിശീലനം കുട്ടികൾക്ക് നൽകുന്നു.
- പഠനത്തിലും പാഠ്യേതരപ്രവർത്തനങ്ങളിലും താല്പര്യങ്ങളിലും താല്പര്യമുള്ള കുട്ടികൾ
- ഭൗതീക സാഹചര്യം മെച്ചപ്പെടുത്താൻ സഹായിക്കുന്ന പഞ്ചായത്ത്
- എസ്.ആർ. ജി. യിലെ മികച്ച പ്ലാനിംഗ്
- ശക്തമായ സ്കൂൾ വികസന സമിതി, സന്നദ്ധ സംഘടനകൾ, വ്യക്തികൾ
- കുട്ടികളുടെ സമഗ്രവികസനത്തിനായി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന പരിശീലനം നേടിയ അധ്യാപകർ
- ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ
- ശാസ്ത്രമേളയിലെ മികവാർന്ന വിജയം
- കലാമേളയിലും അഭിമാനാർഹമായ നേട്ടം കൈവരിച്ചു.
- അധ്യാപക രക്ഷകർത്യ കൂട്ടായ്മയിലൂടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുന്നു.
- മികവാർന്ന ഭൗതീക സാഹചര്യം ഒരുക്കാൻ സാധിച്ചിട്ടുണ്ട്.
- ശിശുസൗഹൃദ ക്ലാസ് മുറികൾ
- പോഷക സമൃദ്ധമായ സമീകൃതാഹാരം നൽകുന്നതിലൂടെ ആരോഗ്യമുള്ള ഊർജസ്വല രായ സമൂഹത്തെ വാർത്തെടുക്കാൻ കഴിയുന്നു.

പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന എല്ലാ അടിസ്ഥാനശേഷികളും നേടിയ മികച്ച സമൂഹത്തെ വാർത്തെടുക്കുന്ന ഒരു വിദ്യാലയമാക്കി മാറ്റുക. സർഗ്ഗാത്മകവും രസകരവുമായ അധ്യാപനം ഉറപ്പാക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾനടപ്പിലാക്കും.

പാഠ്യപാഠാനുബന്ധപ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

കുട്ടിയുടെ സമഗ്രവികസനവും സവിശേഷമികവുകളെ പരിപോഷിപ്പിക്കലും

ശിശു സൗഹൃദ വിദ്യാലയമാക്കി മാറ്റുക (ശിശു സൗഹൃദ സമീപനം, ചുവർ ചിത്രങ്ങൾ, ജൈവ പാർക്ക്)

സാമൂഹ്യപങ്കാളിത്തത്തോടെ ഹൈടെക് ക്ലാസ് മുറികൾ .

സ്കൂളും പരിസരവും ആകർഷകമാക്കൽ (ജൈവ പാർക്ക്, ഹരിത പന്തൽ, പച്ചക്കറി തോട്ടം,കവാടം, ആകർഷകമാക്കൽ)

ഡിജിറ്റൽ ക്ലാസ് മുറികൾ,ശാസ്ത്രലാബ്, ഗണിതലാബ്, ലൈബ്രറി വികസനം, ലാംഗ്വേജ്ലാബ്,കമ്പ്യൂട്ടർ ലാബ്

പ്രതിഭാപോഷണ പരിപാടികൾ

കലാകായിക പഠനത്തിന് പ്രത്യേക പരിശീലന പരിപാടികൾ

പഠനപിന്നോക്കക്കാർക്കുള്ള പ്രത്യേക പദ്ധതികൾ

കുട്ടികളിൽ മികച്ച മാനസീക വൈകാരിക ശാരീരിക ആരോഗ്യം ഉറപ്പ് വരുത്തും.

ഓരോ കുട്ടിയുടേയും കഴിവുകൾ തിരിച്ചറിഞ്ഞ് പരിശീലനം നൽകൽ

(ടാലെന്റ് ലാബ്)

ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന നൽകിയവരെ മുഖ്യധാരയിൽ എത്തിക്കുക. വിവേചന രഹിത വിദ്യാലയമാക്കിമാറ്റും. ജാതി മത വർഗ ചിന്തകൾക്കതീതമായ വിദ്യാലയം.

മികച്ച അധ്യാപക രക്ഷകർതൃ സാമൂഹ്യ കൂട്ടായ്മ രൂപീകരിക്കുന്നതിലൂടെ സ്കൂളിന്റെ മികവാർന്ന വിജയം ലക്ഷ്യമിടുന്നു.

ഗവേഷണാത്മക ചിന്താഗതിയുള്ള ഭാവി തലമുയറയെ വാർത്തെടുക്കൽ

സ്കൂൾ തല അക്കാദമിക പ്രവർത്തനങ്ങളുടെ വിലയിരുത്തൽ സമയ ബന്ധിതമായി നടത്തുന്നു.

അക്കാദമീക ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക.

ശുചിത്വവും മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്ന സാഹചര്യങ്ങൾ ഒരുക്കൽ. മത നിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് സൗജന്യഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുക.

പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം<br>ഗണിതശേഷിവികസനം | കമ്പ്യൂട്ടർ റൂം<br>ലാബ് സൗകര്യം | ബി.ടി. എ.<br>ശക്തിപ്പെടുത്തൽ |
| ഇംഗ്ലീഷ് പഠനപരി<br>പോഷണം | സ്മാർട്ട് ക്ലാസ് റൂം | പൂർവ്വ വിദ്യാർത്ഥി |
| ശാസ്ത്രാഭിരുചി<br>വളർത്തൽ | നവീകരിച്ച ലൈബ്രറി | സംഘടന രൂപീകരിക്കൽ |
| വായനപരിപോഷണം | ഓഫീസ് റൂം | സന്നദ്ധസംഘടനകൾ<br>ക്ലബ്ബുകൾ |
| ലൈബ്രറി നവീകരണം<br>ലാബ് നവീകരണം<br>പ്രതിഭാപോഷണ<br>പരിപാടി | ജന്മദിന പുസ്തകം<br>പ്രോജക്ടർ<br>ഊണുമുറി | ക്ലാസ് പി.റ്റി. എ<br>ഭവന സന്ദർശനം |
| ജൈവ പാർക്ക്<br>പച്ചക്കറി തോട്ടം<br>ഔഷധ തോട്ടം<br>പഠനയാത്രകൾ | ഇംഗ്ലീഷ് ന്യൂസ്<br>പേപ്പർ ആനുകാലിക<br>പ്രസിദ്ധീകരണങ്ങൾ | |
| കലാകായിക പഠനം<br>ഐ. ടി. ലാബ്<br>സ്കൂൾ,പത്രം,മാസിക | ഗ്രീൻ ബോർഡുകൾ<br>ഇംഗ്ലീഷ്, ഇംഗ്ലീഷ്<br>മലയാളം ഡിഷ്നറികൾ | |

| | | |
|---|---|---|
| | | |
| പ്രവൃത്തിപരിചയപഠനം<br>സ്പോക്കൺ ഇംഗ്ലീഷ്<br>ഗണിത ലാബ്,<br>ഗണിതാന്തരീക്ഷം<br>ഒരുക്കൽ<br>അഭിമുഖം<br>വിദഗ്ധരുടെ പരിശീലന<br>ക്ലാസുകൾ<br>നിരന്തര, ടേം മൂല്യ<br>നിർണ്ണയം<br>ബോധവത്കരണ<br>കൗൺസിലിംഗ് ക്ലാസുകൾ<br>മെഡിക്കൽ ക്യാമ്പുകൾ | | |

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | സ്മാർട്ട് ക്ലാസ് റൂം | പി.റ്റി.എ. എസ്– |
| ഗണിതശേഷി വികസനം | കമ്പ്യൂട്ടർ റൂം | എം.സി. ശാക്തീകരണം |
| ഇംഗ്ലീഷ് പഠന പരിപോഷണം | ലൈബ്രറി | പൂർവ്വവിദ്യാർത്ഥി – |
| ശാസ്ത്രാഭിരുചി വളർത്തൽ | ഓഫീസ് റൂം | സംഘടനയുടെ പ്രവർത്തനം |
| വായന പരിപോഷണം | | |
| ലൈബ്രറി നവീകരണം | ഡൈനിംഗ് ഹാൾ | ക്ലബുകൾ സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| ലാബ് നവീകരണം | കുടിവെള്ള വിതരണം | ക്ലാസ് പി.ടി.എ മാതൃകാപരമാക്കൽ |
| പ്രതിഭാപോഷണ പരിപാടി | ലബോറട്ടറി | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| ജൈവ പാർക്ക് | പാചകപ്പുര | ഭവന സന്ദർശനം |
| പച്ചക്കറിത്തോട്ടം | പ്രീ – പ്രൈമറി കെട്ടിടം | കോർണർ പി.റ്റി.എ |
| ഔഷധത്തോട്ടം | ഗേറ്റ്, ചിത്രമതിൽ | |
| പഠനയാത്രകൾ | ബുള്ളറ്റിൻ ബോർഡ് | |
| ദിനാചരണം | ക്ലാസ് ഷെൽഫ്, കബോർഡുകൾ | |
| കായികപഠനം | മഴവെള്ള സംഭരണി | |
| കലാപഠനം | മാലിന്യ സംസ്കരണം | |
| കലാ - കായികമേള | | |
| സ്കൂൾ പത്രം/മാസിക | | |
| അഭിമുഖങ്ങൾ | | |
| മെഡിക്കൽ ക്യാമ്പ് | | |
| ബോധവൽക്കരണ ക്ലാസുകൾ | | |
| പ്രവൃത്തി പരിചയ പഠനം | | |
| ഭാഷാ ലാബ് | | |
| സ്പോക്കൺ ഇംഗ്ലീഷ് | | |
| ഐ.ടി. പരിശീലനം | | |
| ഇംഗ്ലീഷ് ന്യൂസ് പേപ്പർ | | |
| ആനുകാലിക പ്രസിദ്ധീകരണങ്ങൾ | | |
| ഇംഗ്ലീഷ് - ഇംഗ്ലീഷ് മലയാളം ഡിക്ഷണറികൾ | | |
| ജന്മദിന പുസ്തകം | | |
| ഹരിത പന്തൽ, ജൈവവേലി | | |

മേഖല : മലയാളം

മുഖ്യലക്ഷ്യങ്ങൾ

1. മലയാള ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമിതികളുള്ള കുട്ടികളെ അത് പരിഹരിച്ച് മികവിലേക്ക് എത്തിക്കും.

2. മലയാള ഭാഷയിൽ പ്രാവീണ്യം ഉള്ള എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസ്സിനനുസരിച്ച് നിലവാരത്തിനനുസരിച്ച് ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പു വരുത്തും.

3. പാഠ്യപദ്ധതി ലക്ഷ്യമിടുന്ന എല്ലാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും നേ

4. കുട്ടിയെ മികച്ച വായനക്കാരനാക്കുക

5. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക

6. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ നേർധാരയിൽ എത്തിക്കും.

7. ശരിയായ ഉച്ചാരണത്തോടെയും ഒഴുക്കോടെയും മലയാള ഭാഷ സംസാരിക്കാനും കേട്ട് മനസിലാക്കാനുള്ള കഴിവ് വികസിപ്പിക്കും.

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ഭൗതികം സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1. | മലയാള ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമിതികളുള്ള കുട്ടികളെ അത് പരിഹരിച്ച് മികവിലേക്ക് എത്തിക്കും (മലയാളത്തിളക്കം) | പ്രിടെസ്റ്റ്<br>1. ലളിതമായ പ്രവർത്തനങ്ങളിലൂടെ പ്രീ-ടെസ്റ്റ് നടത്തുന്നു. മൂല്യനിർണ്ണയ ഫലം SRG യിൽ വിശകലനം ചെയ്യുന്നു. മലയാളത്തിളക്കം, ശ്രദ്ധ തുടങ്ങിയ പരിപാടികളുടെ തുടർച്ച എത്തുന്നു.<br>2. അക്ഷരം, അടയാളം എന്നിവ ഉറപ്പിക്കാനായി അക്ഷരചിത്രങ്ങൾ, അക്ഷര കാർഡുകൾ, മണലിലെഴുത്ത്<br>3. വാക്കുകൾ എഴുതിയ കാർഡ് വായനയ്ക്ക്<br>4. വാക്കുകൾ നിർമ്മിക്കുക<br>5. വാക്യങ്ങൾ നിർമ്മിക്കുക -ഒരേ അക്ഷരം, ചിഹ്നം എന്നിവ ആവർത്തിച്ചുവരുന്ന വാക്കുകൾ, വാക്യങ്ങൾ നിർമ്മിക്കൽ<br>6. ചിത്രം നോക്കി കഥ പറയൽ<br>7. ചിത്രം നോക്കി കഥ എഴുതൽ<br>8. ചുറ്റുപാടുമുള്ള വസ്തുക്കളെ കുറിച്ച് ഭാഷണം, വിവരണം വാക്യങ്ങളിൽ എഴുതുന്നു.<br>9. സി.ഡിയിൽ ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് നൽകുന്നു | 1വർഷം | | |
| 2. | മലയാള ഭാഷയിൽ പ്രാവിണ്യംമുള്ള എല്ലാം കുട്ടികളും അവർ പഠിക്കുന്ന ക്ലാസ്സിനനുസരിച്ച് ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പു വരുത്തും. | 1. സ്കൂൾ അസംബ്ലിയിൽ വാർത്ത തയ്യാറാക്കി അവതരിപ്പിക്കൽ.<br>2. ആഴ്ചയിലൊരിക്കൽ (എല്ലാ വെള്ളിയാഴ്ചയിലും) പത്ര ക്വിസ് ഒന്നാമതെത്തുന്നയാളിന്റെ പേര് ഒരാഴ്ചക്കാലം സ്റ്റാർ ബോർഡിൽ<br>3. വായിച്ച പുസ്തകത്തെ ആസ്പദമാക്കി കഥ പറയൽ (ബാലസഭയിൽ) | 1വർഷം | | |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ഭൗതികം സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| | | 4. വായനക്കുറിപ്പ്, ആസ്വാദന കുറിപ്പ്, ഡയറി എന്നിവതയ്യാറാക്കൽ (അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം)<br>മികച്ച കുറിപ്പുകൾ പതിപ്പുകളാക്കി പ്രകാശനം ചെയ്യൽ<br>5. വിഷയാടിസ്ഥാനത്തിൽ കഥാരചന കവിത രചന നടത്തൽ മികച്ചത് കണ്ടെത്തി അസംബ്ലിയിൽ അഭിനന്ദിക്കുന്നു. (മികച്ച ഉൽപന്ന ങ്ങൾ കയ്യെഴുത്തു മാസികയിൽ)<br>6. പ്രസംഗം പറയാൻ അവസരം ഒരുക്കൽ | ആഗസ്റ്റ് മുതൽ | | |
| | | കേരള കലകൾ, നാടൻ പാട്ട് നാടൻ കളികൾ എന്നിവയിൽ വൈദഗ്ധ്യം നേടിയ അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തൽ | | | Smc Trs |
| 3. | പാഠ്യപദ്ധതി ലക്ഷ്യമിടുന്ന എല്ലാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും നേടുക | പഠനം ലളിതവും ആസ്വാദ്യകരവുമായ അനുഭവമാക്കിമാറ്റുന്നതിലൂടെ ഈ ലക്ഷ്യം നേടാൻ സാധിക്കും.<br>1. ചിത്രം നോക്കി കഥ പറയൽ<br>2. അക്ഷരക്കാർഡ്, പദക്കാർഡ് എന്നിവ ഉപയോഗിച്ചുള്ള പഠന പ്രവർത്തനങ്ങൾ<br>3. പദപ്രശ്നങ്ങൾ പൂരിപ്പിക്കുന്നു<br>4. ചിത്രവായന - ചിത്രത്തിൽ എന്തെല്ലാം? വായന, ലേഖനം<br>5. അക്ഷരങ്ങൾ ചേർത്ത് പദ നിർമ്മാണം<br>6. പാഠപുസ്തക വായന<br>7. ചോദ്യനിർമ്മാണം<br>8. ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൽ<br>9. സംഭാഷണം തയ്യാറാക്കൽ (ചിത്രത്തെ അടിസ്ഥാനമാക്കിയും ആശയബന്ധിതമായും) | ജൂൺ മുതൽ മാർച്ച് വരെ | ICT | ക്ലാസ് അദ്ധ്യാപകർ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ഭൗതികം സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| | | 10. വരികൾ കൂട്ടിചേർത്തെഴുതുന്നു<br>11. പാഠഭാഗവുമായി ബന്ധപ്പെട്ടും അല്ലാതെയും കോറിയോഗ്രഫി<br>12. വർക് ഷീറ്റുകളുടെ ഉപയോഗം<br>13. വർണ്ണന തയ്യാറാക്കൽ<br>14. നാടകം (ദിനാചരണങ്ങളുമായി ബന്ധപ്പെട്ടതും അല്ലാതെയും)<br>15. ബാല സഭയിൽ എല്ലാ വെള്ളിയാഴ്ചയും കുട്ടികളുടെ പരിപാടി<br>16. അസംബ്ലിയിൽ പത്രവായന, വായനകുറിപ്പ്, കഥ. കവിത | | | |
| 4. | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | വായന (പുസ്തക ചങ്ങാത്തം)<br>1. പുതുവർഷം, പുസ്തകവർഷം, പൊതു ചടങ്ങ് സംഘടിപ്പിച്ച് പുസ്തകം സ്വീകരിക്കൽ<br>2. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>3. വായനമൂല,ക്ലാസ്സ് ലൈബ്രറി രൂപീകരണം (ജന്മദിന കലണ്ടർ തയ്യാറാക്കി ജന്മദിന പുസ്തകം ശേഖരിച്ച് അതാതു ക്ലാസ്സിൽ പ്രയോജനപ്പെടുത്തുന്നു)<br>4. സ്കൂൾ ലൈബ്രറി നവീകരണം- പുസ്തക ഷെൽഫ് എല്ലാ ക്ലാസ്സുകളിലും - വായനവാരത്തോട നുബന്ധിച്ച് പുസ്തക പ്രദർശനം, ഇഷ്ടപ്പെട്ട പുസ്തകം തെരഞ്ഞെടു ക്കൽ വായന ക്ലബ്ബ് രൂപീകരണം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. ഓരോ ക്ലാസ്സിലേയും മികച്ച വായനക്കാരന് സമ്മാനം നൽകൽ | ജൂൺ ജൂലൈ | സന്നദ്ധ സംഘടന<br>20000 | Trs<br>Class Trs<br>Smc<br>വായന ക്ലബ്ബ് Trs |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ഭൗതികം സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| | | 7. എല്ലാ ക്ലാസ്സുകളിലും പത്രവായനക്ക് പത്രം നൽകൽ എല്ലാവരും വായിക്കുന്നു എന്ന് ഉറപ്പു വരുത്തൽ<br>8. അസംബ്ലിയിൽ പുസ്തകവായന<br>9. ക്ലാസ് പി.റ്റി.എയിൽ പുസ്തകം പരിചയപ്പെടുത്തൽ-പുസ്തക ചർച്ച<br>10.വായന സാമഗ്രികൾ ഉപയോഗപ്പെടുത്തിയുള്ള വായന<br>11. വായനാനുഭവം പങ്കുവെയ്ക്കൽ<br>12. അമ്മ വായന- അമ്മമാരുടെ ആസ്വാദനക്കുറിപ്പ് അവതരണം<br>13. ദിനാചരണ പുസ്തകവായന<br>14. വിദ്യാരംഗം ക്ലബ്ബ് പ്രവർത്തനങ്ങൾ- ക്ലാസ്സ് സഭ, സ്കൂൾ സഭ<br>15. വായനക്കുറിപ്പ് -തയ്യാറാക്കിയത് പതിപ്പാക്കൽ<br>16. ആസ്വാദനകുറിപ്പ് തയ്യാറാക്കൽ<br>17. ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായനയ്ക്ക് നൽകൽ - ബാല പംക്തികൾ, കളികുടുക്ക എന്നിവ ഉപയോഗപ്പെടുത്തൽ<br>18. വായനക്കൂട്ടം മോണിറ്ററിംഗ്<br>19. വർക് ഷീറ്റ് - ബാല സാഹിത്യ മാസികകളിലെ ചിത്രങ്ങൾ ഒട്ടിച്ച പേപ്പറിൽ കഥ, കവിത, അടിക്കുറിപ്പ് എഴുതിചേർക്കുന്നു. | ജൂൺ ജൂലൈ | | |
| 5 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. ക്ലാസ് തലത്തിലും, സ്കൂൾ തലത്തിലും എഴുത്തുക്കൂട്ട രൂപീകരണം നടത്തുന്നു.<br>2. പുസ്തക ചർച്ച<br>3. ക്ലാസ്സ് ലൈബ്രറി പ്രയോജനപ്പെടുത്തി വായനാക്കുറിപ്പ്, പതിപ്പ് എന്നിവ തയ്യാറാക്കൽ | ജൂൺ | | |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ഭൗതികം സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| | ഭാഷാ പോഷണ പരിപാടി | 4. ആസ്വാദനകുറിപ്പ് എഴുതൽ<br>5. ചുമർ പത്രിക, പോസ്റ്റർ, പതിപ്പ് എന്നിവ തയ്യാറാക്കൽ<br>6. എഴുത്തുക്കൂട്ടം മോണിറ്ററിംഗ്<br>7. വ്യക്തിഗത രചന. സംഘരചന (ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ)<br>8. പൊതുവേദികളിൽ സംസാരിക്കാനുള്ള അവസരം നൽകൽ (ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് എഴുതി അവതരിപ്പിക്കുന്നു.)<br>9. രചയിതാക്കളെ പരിചയപ്പെടൽ<br>10. ഭാഷയുമായി ബന്ധപ്പെട്ട് സി. ഡി ഐ. സിറ്റി സാധ്യത സജ്ജീകരിക്കൽ<br>11. അസംബ്ലിയിൽ നൽകുന്ന നിശ്ചിത വിഷയത്തെ അടിസ്ഥാനമാക്കി രചന മത്സരം- മികച്ച എഴുത്തുകാരെ കണ്ടെത്തൽ (കഥ, കവിത, വർണന) | 1വർഷം | | |
| 6. | പ്രത്യേക പരിഗണ അർഹിക്കുന്ന കുട്ടികളെ നേർധാരയിൽ എത്തിക്കുക | 1. ആവശ്യമായ പഠനോപകരണങ്ങളുടെ സഹായത്തോടെയുള്ള അധ്യാപനം<br>2. പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തൽ<br>3. ടീച്ചിംഗ് മാന്വലിൽ കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തി ഉൾപ്പെടുത്തുന്നു. മറ്റു കുട്ടികൾക്കൊപ്പം CWSN കുട്ടികളും ഈ പ്രവർത്തനങ്ങളിലൂടെ പങ്കാളികളാകുന്നു. | 1വർഷം | BRC | ടീച്ചേഴ്സ് |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർ ഘ്യം | ഭൗതികം സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 7. | ശരിയായ ഉച്ചാരണ ത്തോടെയും ഒഴുക്കോടെയും മലയാള ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാ നുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | 1. ശരിയായ ഉച്ചാരണ മാതൃക നൽകൽ ICT ഉപയോഗപ്പെടുത്തൽ)<br>2. വാചിക പ്രകടനത്തിന് കൂടുതൽ അവസരം നൽകുന്നു<br>3. ഒരേ ഉച്ചാരണം വരുന്ന അക്ഷര ങ്ങൾ ചേർന്നുവരുന്ന പദങ്ങൾ പറയൽ, ആവർത്തനത്തിലൂടെ ഉറപ്പിക്കൽ<br>4. അക്ഷരപ്പാട്ടുകൾ ഉപയോഗ പ്പെടുത്തി വാചികമായി അവതരിപ്പി ക്കുന്നതിന് കൂടുതൽ അവസരങ്ങൾ നൽകൽ | ജൂൺ ജൂലൈ ആഗസ്റ്റ് | സി ഡി ബുക്ക്സ് | അദ്ധ്യാ പകർ |

## മേഖല : ഗണിതം

മുഖ്യലക്ഷ്യങ്ങൾ

1. ഗണിതവുമായി ബന്ധപ്പെട്ട പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ

2. ഗണിതാസ്വാദനത്തിന് അവസരം നൽകൽ

3. ഗണിതക്ലബ്ബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ

4. ഗണിത പ്രോജക്ടുകൾ ചെയ്യുന്നതിനുള്ള അവസരം

5. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക

6. ഗണിത ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക

7. ഗണിത പഠനത്തെ സാമൂഹ്യ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക

8. ഗണിത ലാബ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ഭൗതികം സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1 | ഗണിതവുമായി ബന്ധപ്പെട്ട പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ | അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു. ചോദ്യാവലി തയ്യാറാക്കി പ്രീടെസ്റ്റ് നടത്തി മൂല്യനിർണ്ണയ ഫലം റിപ്പോർട്ട് ചെയ്യുന്നു.SRG ൽ അവതരിപ്പിക്കുന്നു. പരിഹാര ബോധന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു. സംഖ്യാബോധം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. മുൻ ക്ലാസ്സിൽ നേടേണ്ട ശേഷികൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ നൽകുന്നു (വ്യക്തി ഗതമായും, ഗ്രൂപ്പായും) വർക്ക് ഷീറ്റുകൾ നൽകുന്നു. ഗണിത മൂല പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ ജൂലൈ വരെ | | ക്ലാസ് അദ്ധ്യാപകർ |
| 2. | ഗണിതാസ്വാദനം | സാമൂഹ്യപരമായും ബുദ്ധിപരമായുമുള്ള മാനങ്ങൾ വിശദീകരിക്കുന്ന തരത്തിലുള്ള ഗണിത സമസ്യകളുടെ പ്രവർത്തനങ്ങൾ അതാതു ക്ലാസ്സിലെ പഠന നേട്ടങ്ങളുമായി ബന്ധിപ്പിച്ച് ആസൂത്രണം ചെയ്യുന്നു. ഐ. സി. റ്റി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. ടാൻഗ്രാം ചിത്രങ്ങൾ വരയ്ക്കുന്നു. | സെപ്റ്റംബർ ഡിസംബർ | ICT | അദ്ധ്യാപകർ |

മേഖല : ഇംഗ്ലീഷ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|---|
| IV | ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക | 1. പ്രത്യേക പരിശീലനം നേടിയ അദ്ധ്യാപകരെ കൊണ്ട് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ സംഘടിപ്പിക്കൽ<br>2. ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിക്കൽ<br>3. പലതരം കളികൾ സംഘടിപ്പിക്കൽ<br>4. മാസത്തിലൊരിക്കൽ ഇംഗ്ലീഷ് ബാലസഭകൾ സംഘടിപ്പിക്കൽ<br>5. ഇംഗ്ലീഷിലുള്ള ഓഡിയോ വീഡിയോ കേൾക്കുന്നതിനുള്ള അവസരം | 1 വർഷം | ICT | | റിസോഴ്സ് അദ്ധ്യാപകർ<br>LSG<br>ക്ലാസ്സധ്യാപകർ |
| IV | മികച്ച വായനാശീലം, ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക | 1. ഇംഗ്ലീഷ് പത്ര വായന<br>2. ലൈബ്രറിയിലെ ഇംഗ്ലീഷ് പുസ്തകങ്ങൾ വായന<br>3. പാഠഭാഗവുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന ലോക്കൽ ടെക്സ്റ്റിന്റെ പുനർവായന | 1 വർഷം | | | ക്ലാസ്സധ്യാപകർ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ഭൗതികം സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 3. | ഗണിതക്ലബ്ബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | കുട്ടികളെ തെരഞ്ഞെടുത്ത് ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ആവശ്യമായ പഠനോപകരണങ്ങൾ കണ്ടെത്തുന്നു. ഗണിത വിദഗ്ദരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ഗണിത ക്വിസ്, ഗണിതകേളികൾ, കുസൃതികണക്കുകൾ, പാറ്റേൺ രൂപീകരണം, പഠനോപകരണ നിർമാണം, ഗണിത മൂലയിലേയ്ക്ക് ആവശ്യമായ സാമഗ്രികൾ ശേഖരിക്കുന്നു. | ജൂൺ | സാമഗ്രികൾ | റിസോഴ്സ് അദ്ധ്യാപകർ |
| 4. | ഗണിത പ്രോജക്ട് | അന്വേഷണാത്മകമായി അപഗ്രഥിച്ച് കണ്ടെത്താവുന്ന പ്രോജക്ടുകൾ വ്യക്തിഗതമായും ഗ്രൂപ്പായും കണ്ടെത്തി അതാത് ക്ലാസുകൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ഗണിത ക്ലബ്ബിലെ കുട്ടികൾ ശേഖരിക്കുന്നു. പ്രദർശിപ്പിക്കുന്നു. ഡയറിയായി സൂക്ഷിക്കുന്നു. (വീടുകളിലെ വരവ് ചെലവ് കണക്ക് വീട്ടിലെ ഉപകരണങ്ങളുടെ നീളങ്ങൾ | 1വർഷം | | അദ്ധ്യാപകർ |
| 5. | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക | 1. ഗണിത കളികൾ 2. സംഖ്യാ ഗാനങ്ങൾ 3. സാധന സംയുക്തമായി അവതരണം 4. നിർമാണ പ്രവർത്തനങ്ങൾ 5. കളറിംഗ് | ജൂൺ മുതൽ ആഗസ്റ്റ് വരെ | | ക്ലാസ്സ് അദ്ധ്യാപകർ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ഭൗതികം സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 3. | ഗണിതക്ലബ്ബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | കുട്ടികളെ തെരഞ്ഞെടുത്ത് ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ആവശ്യമായ പഠനോപകരണങ്ങൾ കണ്ടെത്തുന്നു. ഗണിത വിദഗ്ദരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ഗണിത ക്വിസ്, ഗണിതകേളികൾ, കുസൃതികണക്കുകൾ, പാറ്റേൺ രൂപീകരണം, പഠനോപകരണ നിർമാണം, ഗണിത മൂലയിലേയ്ക്ക് ആവശ്യമായ സാമഗ്രികൾ ശേഖരിക്കുന്നു. | ജൂൺ | സാമഗ്രികൾ | റിസോഴ്സ് അദ്ധ്യാപകർ |
| 4. | ഗണിത പ്രോജക്ട് | അന്വേഷണാത്മകമായി അപഗ്രഥിച്ച് കണ്ടെത്താവുന്ന പ്രോജക്ടുകൾ വ്യക്തിഗതമായും ഗ്രൂപ്പായും കണ്ടെത്തി അതാത് ക്ലാസുകൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ഗണിത ക്ലബ്ബിലെ കുട്ടികൾ ശേഖരിക്കുന്നു. പ്രദർശിപ്പിക്കുന്നു. ഡയറിയായി സൂക്ഷിക്കുന്നു. (വീടുകളിലെ വരവ് ചെലവ് കണക്ക് വീട്ടിലെ ഉപകരണങ്ങളുടെ നീളങ്ങൾ | 1വർഷം | | അദ്ധ്യാപകർ |
| 5. | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക | 1. ഗണിത കളികൾ 2. സംഖ്യാ ഗാനങ്ങൾ 3. സാധന സംയുക്തമായി അവതരണം 4. നിർമാണ പ്രവർത്തനങ്ങൾ 5. കളറിംഗ് | ജൂൺ മുതൽ ആഗസ്റ്റ് വരെ | | ക്ലാസ്സ് അദ്ധ്യാപകർ |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ഭൗതികം സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 6. | ഗണിത ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക | 1. ഗണിത ക്വിസ് 2. പസിൽ 3. കുസൃതിക്കണക്കുകൾക്ക് ഉത്തരം കണ്ടെത്തൽ 4 മനക്കണക്കുകൾക്ക് ഉത്തരം കണ്ടെത്തൽ 5. ചോദ്യങ്ങൾ രൂപീകരിക്കൽ 6. ഉയർന്ന നിലവാരത്തിലുള്ള ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു (1-ാം ക്ലാസ് മുതൽ എൽ. എസ്. എസ്. പരിശീലനം) ഗണിതമേള പരിശീലനം, മികവുത്സവം | സെപ്റ്റംബർ മുതൽ മാർച്ച് വരെ | | ക്ലാസ്സ് അദ്ധ്യാപകർ |
| 7. | ഗണിത പഠനത്തെ സാമൂഹ്യ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക | ഗണിത മേളകൾ സംഘടിപ്പിക്കുക, പഠനോപകരണ ശില്പശാല പഠനയാത്ര | സെപ്റ്റംബർ മുതൽ മാർച്ച് വരെ | | ക്ലാസ്സ് അദ്ധ്യാപകർ |
| 8. | ഗണിത ലാബ് | ഗണിത പ്രോജക്ട്, റഫറൻസ് ബുക്കുകൾ, വർക്കിംഗ് മോഡൽ ചുവർ ഗണിത ചിത്രം മെട്രിക് ഉപകരണങ്ങൾ അബാക്കസ്, ടാൻഗ്രാം ചിത്രങ്ങൾ നിർമ്മാണം, ജ്യാമിതീയ രൂപങ്ങൾ ഉൾപ്പെടുന്നചിത്രങ്ങൾ, ജ്യാമിതിയ രൂപങ്ങൾ കൊണ്ടുള്ള മോഡലുകൾ ഇപ്പോഴത്തെ അവസ്ഥ ഗണിത ലാബിലേക്ക് ആവശ്യമുള്ള സാമഗ്രികൾ ധാരാളമുണ്ടെങ്കിലും സ്ഥല പരിമിതി മൂലം ഗണിതലാബ് എന്ന ആശയം പൂർണതയിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ല | 2 വർഷം | 25000 | LSG ക്ലാസ്സ് അദ്ധ്യാപകർ |

## മേഖല : ശാസ്ത്രപഠനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|---|
| 1 | ശാസ്ത്ര ബോധം വളർത്തുന്നതിന് | 1. എല്ലാ ക്ലാസ്സിലേയും തെരഞ്ഞെടുത്ത അംഗങ്ങളെ ചേർത്ത് പരിസ്ഥിതി ക്ലബ്ബ് രൂപീകരിക്കുന്നു. | ജൂൺ | | | Tr |
| | | 2. ക്ലബ്ബിന്റെ നേതൃത്വത്തിൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾ | | | | |
| | | 3. ക്ലാസ്സ് നിലവാരത്തിന് യോജിച്ച തരത്തിൽ ശാസ്ത്ര മൂല തയ്യാറാക്കുന്നു. | | | | |
| | | 4. ശാസ്ത്ര സാഹിത്യപുസ്തകങ്ങൾ ശേഖരിക്കൽ. | | | | |
| | | 5. ശാസ്ത്ര – പുസ്തക വായനശാസ്ത്രജ്ഞരെ കുറിച്ച് കുറിപ്പ്തയ്യാറാക്കൽ. | | | | |
| | | 6. അസംബ്ലിയിൽ പൊതു വിജ്ഞാന ചോദ്യോത്തര പരിപാടി. | | | | |
| | | 7. ശേഖരണങ്ങൾ – സ്റ്റാമ്പ് നോട്ടുകൾ, വിത്തുകൾ, വേരുകൾ, ഔഷധ സസ്യങ്ങൾ | | | | |
| | | 8. ശാസ്ത്ര നാടകം അവതരിപ്പിക്കൽ | | | | |
| | | 9. ശാസ്ത്രമേളകൾ സംഘടിപ്പിക്കൽ | [illegible] | | 5000 | SMC |
| | | 10.ഉൽപ്പന്ന പ്രദർശന മേളകൾ സംഘടിപ്പിക്കൽ | [illegible] | | 5,000 | LSG |
| | | 11. ശാസ്ത്രലാബ് ലാബിലേക്കാവശ്യമായ കുറെ സാമഗ്രികൾ ലഭ്യമാണെങ്കിലും പ്രത്യേകമായി ലാബ് | | | | |

## ഇംഗ്ലീഷ്

### മുഖ്യലക്ഷ്യങ്ങൾ

1. ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക.

2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക

3. ഇംഗ്ലീഷ് ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക

4. ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക

5. മികച്ച വായനശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക

## മേഖല : ഇംഗ്ലീഷ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|---|
| I | ഇംഗ്ലീഷ് ഭാഷ പഠനത്തിൽ സവിശേഷവൈദ വരുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക | 1. സ്കൂൾ അസംബ്ലിയിൽ ഇംഗ്ലീഷ് വാർത്ത വായന<br>2. ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുക<br>3. ഇംഗ്ലീഷ് പുസ്തകങ്ങൾക്ക് മാത്രം ഒരു ലൈബ്രറി സജ്ജമാക്കുക<br>4. ബാല സഭകളിൽ ഇംഗ്ലീഷ് കവിത ചൊല്ലൽ<br>5. ഒരു വിഷയത്തെ അടിസ്ഥാനമാക്കി പ്രസംഗം അവതരിപ്പിക്കൽ<br>6.ഒരു ആശയത്തെ അടിസ്ഥാനമാക്കി സ്കിറ്റുകൾ തയ്യാറാക്കി അവതരിപ്പിക്കൽ<br>7. പാഠഭാഗങ്ങളെ നാടകമാക്കി അവതരിപ്പിക്കൽ<br>8. ഡയറി എഴുത്ത്<br>9. മാസത്തിലൊരിക്കൽ ഇംഗ്ലീഷ് ബാലസഭകൾ സംഘടിപ്പിക്കൽ<br>10. പാട്ടുകൾ കോറിയോഗ്രാഫി ചെയ്യൽ – അവതരിപ്പിക്കൽ<br>11. ഇംഗ്ലീഷ്- ഇംഗ്ലീഷ് മലയാളം ഡിക്ഷണറി എല്ലാ കുട്ടികൾക്കും നൽകി ക്ലാസ്സ് പ്രവർത്തനം മെച്ചപ്പെടുത്തൽ | ജൂൺ | ഡിക്ഷ്ണറികൾ | | 5,000 സന്നദ്ധ സംഘടന |
| II | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക | 1. പാഠഭാഗങ്ങളെ സംഭാഷണങ്ങളാക്കി ക്ലാസ്സിൽ അവതരിപ്പിക്കൽ<br>2 പദ്യങ്ങൾ കോറിയോഗ്രാഫി ചെയ്യൽ<br>3. റ്റി. ബി യിലെയും മറ്റു ചിത്രങ്ങളെയും ആസ്പദമാക്കി വിവരണം തയ്യാറാക്കുന്നു.<br>4. ചിത്രങ്ങൾ കൂട്ടിച്ചേർത്ത് കഥ നിർമ്മാണം<br>5. ഒഴുക്കോടെയും മതിയായ ശബ്ദവ്യതിയാനത്തോടെയും പുസ്തക വായന<br>6. അസംബ്ലിയിൽ പുസ്തകവായന<br>7. ഒരു പാഠത്തിൽ നിന്നും ഒരു ഡിക്ഷ്ണറി തയ്യാറാക്കൽ | വർഷം | | | ക്ലാസ്സ് അധ്യാപകർ |

മേഖല : ഇംഗ്ലീഷ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|---|
| | | 9. വരികൾ ക്രമത്തിലാക്കി കഥ നിർമ്മാണം<br>10. ക്ലാസ്സ് മുറിയിൽ ഒരു ലൈബ്രറി<br>11. സ്കിറ്റ്, റോൾപ്ലേ എന്നിവ സംഘടിപ്പിക്കുക<br>12. ഇംഗ്ലീഷ് ഫെസ്റ്റുകൾ സംഘടിപ്പിക്കുക<br>13. നോട്ടീസ് തയ്യാറാക്കൽ<br>14. നിർദ്ദേശങ്ങൾക്കനുസരിച്ച് റിഡിലുകൾ തയ്യാറാക്കൽ<br>15. വായന മത്സരം സംഘടിപ്പിക്കൽ<br>16. വർക്ക് ഷീറ്റുകളുടെ ഉപയോഗം | | ലൈബ്രറി | | |
| III | ഇംഗ്ലീഷ് ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക | 1. പദകാർഡ്, അക്ഷരകാർഡ്, വാക്യങ്ങളുടെ കാർഡ് എന്നിവ ഉപയോഗപ്പെടുത്തി അക്ഷരം, വാക്കുകൾ വാക്യ ഘടന ഉറപ്പിക്കൽ<br>2. ഐ. സി. റ്റി സാധ്യത പ്രയോജനപ്പെടുത്തി രണ്ട് അക്ഷരമുള്ള വാക്ക്, മൂന്ന് അക്ഷരമുള്ള കാർഡ് എന്നിങ്ങനെ ഉച്ചാരണവും സ്പെല്ലിംങ്ങും ഉറപ്പാക്കുക<br>3. റിമിക്സ്, ആക്ഷൻസോങ്ങ് എന്നിവ നൽകി വാചിക പരിശീലനം നൽകൽ<br>4. പിക്ചർ കാർഡുകൾ പ്രയോജനപ്പെടുത്തി പദസമ്പത്ത് വർദ്ധിപ്പിക്കുക<br>5. പലതരം കളികൾ, പസ്സിലുകൾ ജിഗ്സോപസ്സിലുകൾ എന്നിവയുടെ പരിശീലനം നൽകൽ<br>6. റ്റീച്ചറും കുട്ടികളും കുട്ടികളും കുട്ടികളും തമ്മിൽ ഇംഗ്ലീഷ് ക്ലാസ്സിൽ ഇംഗ്ലീഷ് മാത്രം സംസാരിക്കുക | 5 വർഷം | ICT<br>ലൈബ്രറി | | ക്ലാസ്സധ്യാപകർ |

മേഖല : ശാസ്ത്ര പഠനം

ലക്ഷ്യങ്ങൾ

1. ശാസ്ത്രബോധം വളർത്തുന്നതിന്
2. മുഴുവൻ കുട്ടികളേയും പരീക്ഷണങ്ങളിൽ പങ്കാളികളാക്കൽ, കുട്ടിശാസ്ത്രജ്ഞൻ മാരെ വളർത്തിയെടുക്കൽ
3. ദിനാചരണങ്ങൾ പ്രവർത്തനാധിഷ്ഠിത പരിപാടികളാക്കി പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി പഠനനേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുന്നു.
4. ചുറ്റുപാടുമുള്ള ഔഷധസസ്യങ്ങൾ തിരിച്ചറിയുന്നതിനും അവയുടെ ഉപയോഗ ങ്ങളെക്കുറിച്ചുള്ള ധാരണ വളർത്തുന്നതിനും
5. കൃഷിയോട് ആഭിമുഖ്യം വളർത്തുന്നതിനും കൃഷിയുടെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുന്നതിനും
6. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുന്നതിന്
7. ശരിയായ ആരോഗ്യശീലങ്ങൾ വളർത്തുന്നതിന് ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം
8. കൗതുകം, വിജ്ഞാനം, നിരീക്ഷണം എന്നിവയെ ശാസ്ത്രീയമായി പരിപോഷിപ്പിക്കുക
9. സ്കൂളും പരിസരവും ആകർഷകമാക്കുക

മേഖല : ശാസ്ത്രപഠനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|---|
| | | സജ്ജീകരിക്കാനാവശ്യമായ ... ലാബ് സജ്ജീകരിക്കാനാവശ്യമായ റൂം, എക്വിപ്മെന്റ്സ് എന്നിവ ഒരുക്കൽ | June July | | 10,000 | [illegible] |
| 2. | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തി, കുട്ടി ശാസ്ത്രജ്ഞന്മാരെ വാർത്തെടുക്കൽ | 1. I മുതൽ IV വരെ ക്ലാസ്സുകളിലെ ശാസ്ത്രപുസ്തകവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചാർട്ട് ചെയ്യുന്നു. ഇതിനാവശ്യമായ സാമഗ്രികൾ ശാസ്ത്രലാബിൽ സജ്ജമാക്കുന്നു<br>2. ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കാൻ സഹായിക്കുന്ന ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു.<br>3. അസംബ്ലിയിൽ ലഘു പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു.<br>4. ഏറ്റവുമധികം പരീക്ഷണങ്ങൾ മികവോടെ ചെയ്ത കുട്ടിക്ക് കുട്ടി ശാസ്ത്രജ്ഞൻ അവാർഡ് നൽകുന്നു. | | | 25,000 | [illegible] |
| 3. | ദിനാചരണങ്ങൾ പ്രവർത്തനാധിഷ്ഠിത പരിപാടികളാക്കി പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി പഠന നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുന്നു | 1 പ്രശസ്തരായ ശാസ്ത്രജ്ഞന്മാരുടെ ചിത്രശേഖരണം, 2 കുറിപ്പ് തയ്യാറാക്കൽ 3 പതിപ്പ് നിർമ്മാണം, ഞാൻ കണ്ട 4 കേരളം എന്റെ കേരളം തനതു ... ശേഖരണ ബുക്ക്... പ്രോഗ്രാം 7 ICT സാധ്യത പ്രയോജനപ്പെടുത്തൽ 8 വിവിധ തരം ശേഖരണങ്ങൾ (സ്റ്റാമ്പ്, വിത്ത്, ഇല) 9 വർക്ക് ഷീറ്റുകൾ) | 1 year | ഫോട്ടോസ് ബുക്സ് ICT | | Smc Trs |

മേഖല : ശാസ്ത്രപഠനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക | സാമ്പത്തിക | ചുമതല |
|---|---|---|---|---|---|---|
| 4 | ചുറ്റുപാടുമുള്ള ഔഷധ സസ്യങ്ങൾ തിരിച്ചറിയുന്നതിനു ഇവയുടെ ഉപയോഗങ്ങളെ കുറിച്ചുള്ള ധാരണ വളർത്തുന്നതിനും | 1. ഔഷധത്തോട്ട നിർമ്മാണം<br>2. ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള പുസ്തക വായന<br>3. ഔഷധ സസ്യങ്ങളെ തിരിച്ചറിയുന്നതിന് ഫീൽഡ് ട്രിപ്പ്<br>4. ഔഷധ സസ്യങ്ങൾ – പതിപ്പ് തയ്യാറാക്കൽ | ജൂൺ ജൂലൈ | | | Smc |
| 5. | കൃഷിയോട് ആഭിമുഖ്യം വളർത്തുന്നതിനും കൃഷിയുടെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുന്നതിനും | 1. കൃഷിത്തോട്ട നിർമ്മാണം (പച്ചക്കറികൾ, വാഴ)<br>2. കർഷകരുമായി ആശയ വിനിമയം (അഭിമുഖം)<br>3. പൂന്തോട്ട നിർമ്മാണം ജൈവ വൈവിധ്യ ഉദ്യാനം<br>4. ചെടിയുടെ വളർച്ച നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കൽ<br>5. വീട്ടിലും പച്ചക്കറി കൃഷി നിർമ്മാണം, ഹരിത പന്തൽ<br>6. അമ്മക്കൂട്ട് – ജന്മദിന കലണ്ടർ അനുസരിച്ച് അമ്മമാർ സ്കൂളിൽ ഒത്തു ചേരുന്നു സദ്യ ഒരുക്കൽ, ശുചിത്വം, പൂന്തോട്ട കൃഷിത്തോട്ട പരിപാലനം എന്നിവ നടത്തുന്നു.സ്കൂളിലെ പച്ചക്കറി ഉപയോഗിച്ചുള്ള ഉച്ച ഭക്ഷണം നൽകൽ | ഫെബ്രു മാർച്ച്<br>ജൂൺ മുതൽ | | | LSG SMC Trs<br>Trs |
| 6. | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | 1. ഡ്രൈ ഡേ ആചരണം<br>2. പ്ലാസ്റ്റിക് രഹിത വിദ്യാലയം<br>3.ജൈവപാർക്ക്+ഹരിത പാത<br>5.വിശ്രമ പഠന മരത്തണലുകൾ,<br>6.മരങ്ങൾ വച്ചുപിടിപ്പിക്കൽ,<br>7.ജൈവവേലി നിർമ്മാണം | ജനുവരി മുതൽ മാർച്ച് | | | കുടുംബ യൂണിറ്റുകൾSmc ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് |

മേഖല : ശാസ്ത്രപഠനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|---|
| | | 10. ഔഷധത്തോട്ടം, പച്ചക്കറി എന്നിവ തുടരുന്നുണ്ട് ജൈവപാർക്കിനുള്ള സ്ഥലം ലഭ്യമാണ്. | | | | |
| 10. | കമ്പ്യൂട്ടർ ലാബ് | 1. നിലവിലെ അവസ്ഥ–കമ്പ്യൂട്ടർ ലാബിന് പ്രത്യേക റൂം ഇല്ല. കമ്പ്യൂട്ടറുകളുടെ എണ്ണം 2 എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പരിശീലനം നൽകാൻ പ്രയാസം നേരിടുന്നു. ഓരോ ക്ലാസിലേക്കും ലാപ്ടോപ്പ് പ്രത്യേകം സജ്ജീകരിച്ച I T ലാബ് ( 5 കുട്ടികൾക്ക് ഒരു കമ്പ്യൂട്ടർ വീതം എന്ന ക്രമത്തിൽ 5 കമ്പ്യൂട്ടർ, 25 കസേര ഉൾപ്പെട്ട കമ്പ്യൂട്ടർ ലാബ്) പ്രൊജക്ടർ – 1 | 3 വർഷം | പ്രൊജക്ടർ കമ്പ്യൂട്ടർ | 8 ലക്ഷം | പൂർവ വിദ്യാർത്ഥി സംഘടന എം.എൽ.എ ഫണ്ട് |

മേഖല : ശാസ്ത്രപഠനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക | സാമ്പത്തിക | ചുമതല |
|---|---|---|---|---|---|---|
| 7 | ശരിയായ ആരോഗ്യ ശീലങ്ങൾ വളർത്തുക | 1. ആരോഗ്യ ബോധവത്കരണ ക്ലാസ്<br>2. ഹെൽത്ത് ക്യാമ്പ്<br>3. ശാസ്ത്ര നാടകം അവതരണം<br>4. പോസ്റ്റർ നിർമ്മാണം<br>5. വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട് പ്രോജക്ട് തയ്യാറാക്കുന്നു. ക്ലാസ്സുകളിൽ ആരോഗ്യ മന്ത്രിയെ നിയോഗിക്കുന്നു. ആരോഗ്യശീലങ്ങൾ, ശുചിത്വശീലങ്ങൾ എന്നിവ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു. | വർഷം | ICT | | Trs ഹെൽത്ത് ഡിപ്പാർട്ട്മെന്റ് |
| 8 | കൗതുകം, വിജ്ഞാനം, നിരീക്ഷണം എന്നിവയെ ശാസ്ത്രീയമായി പരിപോഷിപ്പിക്കുക | 1. പൊതുസ്ഥാപനങ്ങൾ കൃഷിയിടങ്ങൾ, വീടും പരിസരവും തുടങ്ങിയ പ്രദേശത്തേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു<br>2. പഠന നേട്ടങ്ങൾ ആർജി ക്കുന്നതിന് അനുയോജ്യമായ സ്ഥലം പഠനയാത്രയ്ക്ക് തെരഞ്ഞെടുക്കുന്നു കുറിപ്പ് തയ്യാറാക്കുന്നു. | | | | Trs smc<br>Trs smc |
| 9 | സ്കൂളും പരിസരവും ആകർഷകമാക്കുക | 1. ജൈവ വൈവിധ്യ പാർക്ക്<br>2. ഔഷധത്തോട്ടം<br>3. വിഷരഹിത പച്ചക്കറിത്തോട്ടം<br>4. വിശ്രമ പഠന മരത്തണലുകൾ<br>5. ഹരിത പാത, ഹരിത പന്തൽ<br>6. ആകർഷകമായ ചുവർ ചിത്രങ്ങൾ<br>7. പ്രവേശന കവാടം കമനീയമാക്കൽ<br>8. ആഡിറ്റോറിയം പഠനാന്തരീക്ഷത്തിനായി ഉപയോഗപ്പെടുത്തൽ | ജനുവരി മുതൽ മാർച്ച് | | 20000 | LSG SMC വിവിധ സംഘടനകൾ |
| | | 9. ടൈൽ പാകിയ ക്ലാസ് മുറികൾ | 2 വർഷം | | 50000 | LSG പൂർവ്വ വിദ്യാർത്ഥി |

# കലാ - കായിക - പ്രവൃത്തി പരിചയം

**ലക്ഷ്യങ്ങൾ**

1. പഠിതാവിന്റെ നൈസർഗികമായ കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുന്നതിന്.
2. വിവിധ കലകൾ ആസ്വദിക്കുന്നതിനും അവയിലെ സൗന്ദര്യാത്മകത ഉൾക്കൊള്ളുന്നതിനും അഭ്യസിക്കുന്നതിനും.
3. കലയെ ഉൾപ്പെടുത്തി മറ്റു വിഷയങ്ങളുടെ പഠനം ഫലപ്രദമാക്കുന്നതിന്.
4. വിഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ പഠന പ്രവർത്തനങ്ങളിൽ തൽപ്പരരാക്കുന്നതിന്.
5. തൊഴിലിനോട് ആഭിമുഖ്യമുള്ളതും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതിനും സാമൂഹികബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനും.
6. മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന്.
7. വിവിധ സന്ദർഭങ്ങളിൽ ഉചിതമായ രീതിയിൽ ശരീരത്തെ ചലിപ്പിക്കാനുള്ള ശേഷികൾ ആർജിക്കുന്നതിന്.
8. കുട്ടിയുടെ സർവതോന്മുഖമായ വികാസം ഉറപ്പുവരുത്തുന്നതിന്.
9. ആരോഗ്യ - കായികക്ഷമത വർദ്ധിപ്പിച്ച് മികച്ച താരങ്ങളെ രാഷ്ട്രത്തിന് സമർപ്പിക്കുന്നതിന്.
10. ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം.

| | | | | | |
|---|---|---|---|---|---|
| | | [illegible] ണം<br>3. രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സ്<br>4.വർക്ക് ഷീറ്റുകൾ നൽകി കളറിംഗ് നടത്തുന്നു.<br>5. ഭിന്നശേഷിക്കാർക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു | | | |

## പ്രവൃത്തി പരിചയം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | തൊഴിലിനോട് ആഭിമുഖ്യമുള്ളതും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതിനും സാമൂഹിക ബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനും | 1. നിർമ്മാണ പ്രവർത്തനങ്ങളിൽ വൈദഗ്ധ്യം നേടിയ അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്നു.<br>2. പേപ്പർ ബാഗ് നിർമ്മാണം<br>3. സ്കൂളിൽ സോപ്പ്, ലോഷൻ നിർമ്മാണം<br>4. പാഴ് വസ്തുകൊണ്ട് പഠനോപകരണ - കൗശല വസ്തുക്കളുടെ നിർമ്മാണം. | 1 വർഷം | | എൽ.എസ്.ജി സ്പെഷ്യൽ ടീച്ചർ |
| 2 | മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ | 1.ഏകാഗ്രതയോടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു( ഡിസ്പ്ലേ ബോർഡ്)<br>2. വ്യത്യസ്തമായ തൊഴിലുകൾ പരിചയപ്പെടുന്നതിലൂടെ ജീവിത നൈപുണി നേടുന്നു( നെറ്റ് നിർമ്മാണം, മുത്തു കോർക്കൽ)<br>3. സർഗാത്മകത രൂപപ്പെടുന്നു.(കളിമൺ രൂപങ്ങൾ, പഠനോപകരണ നിർമ്മാണം) | 1 വർഷം | | എൽ.എസ്.ജി സ്പെഷ്യൽ ടീച്ചർ |

| | | | |
|---|---|---|---|
| | ദിനാചരണ പുസ്തക വായന | | |
| ✓ | വിദ്യാരംഗം ക്ലബ് രൂപീകരണം- ക്ലാസ് സഭ | ജൂലൈ | |
| | എഴുത്തു കൂട്ട രൂപീകരണം | | |
| | ഭാഷാപോഷണി പരിപാടി | | ഐ.സി.റ്റി സാധ്യത ഉപയോഗിച്ച് |
| | ക്ലാസ് പി.റ്റി.എ. മാതൃകാപരമാക്കൽ | | എസ്.ആർ.ജി |

## ഗണിതം

| | | | |
|---|---|---|---|
| | പിന്നോക്കം നിൽക്കുന്നവരുടെ പ്രയാസം നേരിടുന്ന മേഖലകൾ കണ്ടെത്തൽ | ജൂൺ | |
| | പരിഹാര ബോധനവും പഠനനിർമാണവും | | |
| ✓ | ഗണിത ക്ലബ് രൂപീകരണം | | |
| ✓ | ഗണിത മൂല ഒരുക്കൽ | | |
| | ഗണിത കളികൾ | | |
| | നിർമ്മാണ പ്രവർത്തനങ്ങൾ | | |
| | വർക്ക് ഷീറ്റ് | | |
| | ശാസ്ത്ര പഠനം | | |
| ✓ | പരിസ്ഥിതി ക്ലബ് രൂപീകരണം | ജൂൺ | |
| ✓ | ശാസ്ത്രമൂല സജ്ജമാക്കൽ | | |
| | ശാസ്ത്ര സാഹിത്യ പുസ്തക ശേഖരണം | | |
| ✓ | പൊതുവിജ്ഞാന ചോദ്യോത്തര പരിപാടി | | |
| | എല്ലാ ക്ലാസുകളിലേക്കും യോജിച്ച ലഘു പരീക്ഷണങ്ങൾ സാമഗ്രികൾ എന്നിവ ചാർട്ട് ചെയ്യുന്നു. | ജൂലൈ | |
| ✓ | ഔഷധത്തോട്ട നിർമ്മാണം | ജൂൺ | |
| | ഫീൽഡ്ട്രിപ്പ് (കൃഷിസ്ഥലം) | ആഗസ്റ്റ് | |
| | ഔഷധ സസ്യങ്ങൾ - പതിപ്പ് | | |
| ✓ | പച്ചക്കറിത്തോട്ട നിർമ്മാണം | ഫെബ്രുവരി | |
| | കർഷകനുമായി അഭിമുഖം | ആഗസ്റ്റ് | |
| ✓ | ജൈവ വൈവിധ്യ ഉദ്യാനം | ജൂൺ | |

| | | | |
|---|---|---|---|
| 2 | ഹരിത പന്തൽ | | |
| 3 | അമ്മക്കൂട്ട് | | |
| 4 | ✓ ഡ്രൈ ഡേ ആചരണം | ആഗസ്റ്റ് | |
| 5 | ആരോഗ്യ ബോധവൽക്കരണ ക്ലാസ് | ജൂൺ- ജൂലൈ | |
| 6 | ആഡിറ്റോറിയം, ക്ലാസ്മുറി മോടിപിടിപ്പിക്കൽ | | |
| | | ഇംഗ്ലീഷ് | |
| 1 | ഇംഗ്ലീഷ് അസംബ്ലി - തയ്യാറാക്കൽ | ജൂൺ | |
| 2 | ക്ലാസ് മുറിയിൽ ഒരു ഇംഗ്ലീഷ് ലൈബ്രറി ഒരുക്കൽ | സെപ്തംബർ | ലയൺസ് ക്ലബ് |
| 3 | ഇംഗ്ലീഷ് - ഇംഗ്ലീഷ് - മലയാളം ഡിക്ഷണറി | | |
| 4 | കോറിയോഗ്രഫി - ക്ലാസ്തലം | | |
| 5 | ✓ ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തൽ | ആഗസ്റ്റ് | |
| 6 | ഗെയിമുകൾ പരിചയപ്പെടുത്തൽ | | |
| 7 | ഇംഗ്ലീഷ് പീരിയഡിൽ ഇംഗ്ലീഷ് ടോക്ക് - പരിശീലിപ്പിക്കൽ | | |
| 8 | ലോക്കൽ ടെക്സ്റ്റ് ഉപയോഗപ്പെടുത്തൽ | | |
| 9 | ഇംഗ്ലീഷ് പത്രം | | |
| 10 | ഡയറി പരിചയം | | |

## മദ്ധ്യമ കാല പ്രവർത്തനങ്ങൾ

| | | | |
|---|---|---|---|
| | മലയാളം | | |
| | പ്രവർത്തനങ്ങൾ | ആരംഭിക്കുന്ന തീയതി/മാസം | കുറിപ്പുകൾ |
| | മലയാളത്തിളക്കം, ശ്രദ്ധ മാതൃയാക്കിയുള്ള പ്രവർത്തനം | ജൂൺ ആദ്യ വാരം | |
| | അക്ഷരം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ | | |
| | ചിഹ്നം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ | | |
| | ചിത്രങ്ങൾ, ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തി ആശയം ഉറപ്പിക്കൽ | | |
| | ദിനപത്രത്തെ ആസ്പദമാക്കിയുള്ള പ്രവർത്തനങ്ങൾ | | |
| | പുസ്തകങ്ങൾ, വായനകാർഡുകൽ എന്നിവ ഉപയോഗിച്ച് ഭാഷാശേഷി വികസിപ്പിക്കൽ | | |
| | വിദ്യാരംഗം ക്ലബ് പ്രവർത്തനങ്ങൾ | ജൂലൈ | |
| | ബാലസഭകൾ | | |
| | വായനക്കൂട്ടം രൂപികരിക്കൽ | ജൂൺ രണ്ടാം വാരം | |
| | ക്ലാസ് പി.റ്റി.എ യിൽ പുസ്തക പരിചയം | | |
| | ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ഉപയോഗം | | |
| | വായനക്കൂട്ടം - മോണിറ്ററിംഗ് | ആഗസ്റ്റ് | |
| | പൊതുവേദികളിൽ സംസാരിക്കാനുള്ള അവസരം | ദിനാചരണങ്ങളിൽ | |
| | രചയിതാക്കളെ പരിചയപ്പെടൽ | ജൂലൈ ആദ്യയാഴ്ച | |
| | പഠനോപകരണ നിർമ്മാണം | | |
| | വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തൽ പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് | | |
| ...ിതം | | | |
| | ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൂൺ മുതൽ | |
| | നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത സമസ്യകളുടെ നിർധാരണം | | |
| | ഗണിത ക്ലബ് പ്രവർത്തനങ്ങൾ | ജൂലൈ | |
| | ഗണിത പ്രോജക്ടുകൾ | | |
| | സാധനസംയുക്തമായി പിന്നോക്കകാർക്കുള്ള പരിശീലനം | | |

| | | |
|---|---|---|
| 6 | കുട്ടികളുടെ യുക്തിചിന്ത വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | |
| 7 | സ്കോളർഷിപ്പനുള്ള പരിശീലനം | സെപ്തംബർ |
| 8 | ഗണിതമേള പരിശീലനം | |
| 9 | മികത്സവം( ക്ലാസ് ഉൽപന്നങ്ങളുടെ പ്രദർശനം) | നവംബർ |
| 10 | ഗണിത മേള സംഘടിപ്പിക്കൽ (സ്കൂൾ തലം) | |

| | | |
|---|---|---|
| | ശാസ്ത്ര പഠനം | |
| 1 | പരിസ്ഥിതി ക്ലബ് പ്രവർത്തനങ്ങൾ | ജൂലൈ |
| 2 | പാഠഭാഗങ്ങൾക്കനുസരിച്ച് ക്ലാസ്മൂല വിപുലമാക്കൽ | |
| 3 | ശാസ്ത്രജ്ഞന്മാരെക്കുറിച്ചുള്ള കുറിപ്പ് തയാറാക്കൽ | |
| 4 | ശേഖരണങ്ങൾ | ഒക്ടോബർ |
| 5 | ശാസ്ത്രനാടകം | |
| 6 | ശാസ്ത്രമേളകൾക്ക് സജ്ജമാക്കൽ | |
| 7 | ഉല്പന്ന പ്രദർശനമേള ( സ്കൂൾ തലം) | നവംബർ |
| 8 | ലഘുപരീക്ഷണങ്ങൾ - അസംബ്ലിയിൽ | ജൂലൈ |
| | | മാർച്ച് |
| 9 | കുട്ടി ശാസ്ത്രജ്ഞന് അവാർഡ് നൽകൽ | |
| 10 | ജന്മദിന കലണ്ടർ (സ്കൂളിലൊരു സദ്യ) | ആഗസ്റ്റ് |
| 11 | ആരോഗ്യ ബോധവൽക്കരണ ക്ലാസ് | |

## ഇംഗ്ലീഷ്

| | | |
|---|---|---|
| | | ജൂൺ |
| 1 | ഇംഗ്ലീഷ് അസംബ്ലി | |
| 2 | ഇംഗ്ലീഷ് ബാലസഭ | |
| 3 | കോറിയോഗ്രഫി | |
| 4 | ഒരു ആശയത്തെ അടിസ്ഥാനമാക്കി സ്കിറ്റ് | |
| 5 | പാഠഭാഗം നാടകമാക്കൽ | |
| 6 | ഡയറി, നോട്ടീസ് എഴുത്ത് | ജൂലൈ |
| 7 | ടെക്സ്റ്റ് ബുക്ക് ഡിക്ഷണറി | |
| 8 | ക്ലാസ് മുറിയിൽ ലൈബ്രറി | |
| 9 | റോൾ പ്ലേ | |
| 10 | ഡിസ്ക്രിപ്ഷൻ | |
| 11 | ചിത്രങ്ങൾ കൂട്ടിചേർത്ത് കഥ നിർമ്മാണം | |

| | | |
|---|---|---|
| 12 | അംബ്ലിയിൽ പുസ്തക വായന | ജൂൺ |
| 13 | ഇംഗ്ലീഷ് ഫെസ്റ്റ് ( സ്കൂൾ തലം) | നവംബർ |
| 14 | റിഡിൽസ്, പസിൽസ് | |
| 15 | വായനാ മത്സരം | ആഗസ്റ്റ് |
| 16 | വർക്ക് ഷീറ്റുകളുടെ ഉപയോഗം | ജൂൺ |
| 17 | ഇംഗ്ലീഷ് ടോക്ക് ഇൻ ഇംഗ്ലീഷ് ക്ലാസ് | |
| 18 | ലോക്കൽ ടെക്സ്റ്റിന്റെ പുനർവായന | |
| 19 | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് | ജൂലൈ |
| | **കലാ കായികം** | |
| 1 | കലാപഠനത്തിന് പ്രത്യേക പരിശീലനം | |
| 2 | കായിക പരിശീലന പരിപാടി | |
| 3 | കായിക ഉപകരണങ്ങളുടെ ശേഖരം | |
| 4 | വൈദഗ്ധ്യം നേടിയ അധ്യാപകരുടെ സേവനം | |
| 5 | പ്രവൃത്തി പരിചയത്തിന് പ്രത്യേക പരിശീലനം സിദ്ധിച്ച അധ്യാപകരുടെ സേവനം | |

# ദീർഘകാല പ്രവർത്തനങ്ങൾ

| നം | പ്രവർത്തനത്തിന്റെ പേര് | ആരംഭിക്കുന്ന തീയതി/മാസം | കുറിപ്പുകൾ |
|---|---|---|---|
| 1 | സ്കൂൾ ലൈബ്രറി നവീകരണം | ജൂൺ മുതൽ | |
| 2 | ജൈവ വൈവിധ്യ പാർക്ക് | ജൂൺ മുതൽ | |
| 3 | ഔഷധത്തോട്ടം | ജൂൺ മുതൽ | |
| 4 | കൃഷിത്തോട്ടം | ജൂൺ മുതൽ | |
| 5 | സ്മാർട്ട് ക്ലാസ് റൂം | | |
| 6 | പ്രീ - പ്രൈമറി ശാക്തീകരണം | | |
| 7 | കമ്പ്യൂട്ടർ ലാബ് | | |
| 8 | ശാസ്ത്ര ലാബ് | | |
| 9 | ഗണിത ലാബ് | | |
| 10 | ലാംഗ്വേജ് ലാബ് | | |
| 11 | ജൈവവേലി | | |
| 12 | ഹരിത പന്തൽ | | |
| 13 | മികച്ച കായികതാരങ്ങളെ വാർത്തെടുക്കൽ | ജൂൺ | |
| 14 | നവീകരിച്ച ഓഫീസ് റൂം | | |
| 15 | നവീകരിച്ച ഡൈനിംഗ് ഹാൾ | | |
| 16 | ആധുനിക സൗകര്യങ്ങളോടു കൂടിയ പാചകപ്പുര | | |
| 17 | ആധുനിക സൗകര്യങ്ങളോടെയുള്ള കുടിവെള്ളം സംവിധാനം | | |
| 18 | കലാ - കായിക അധ്യാപകരുടെ നിയമനം | | |
| 19 | പ്രഭാത ഭക്ഷണ പരിപാടി | | |
| 20 | ഗ്രീൻ ബോർഡുകൾ | | |

## മോണിറ്ററിംഗും അവലോകനവും

വിദ്യാലയ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായും കൃത്യമായും നടക്കുന്നുണ്ടോയെന്നും നടന്ന പ്രവർത്തനങ്ങൾ എത്രത്തോളം ഫലപ്രാപ്തിയിലെത്തിയെന്നും ആവശ്യമായ മാറ്റങ്ങൽ എന്തെല്ലാമാണെന്നും സമയബന്ധിതമായി ചെയ്യേണ്ടതുണ്ട്. പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും ചുമതലയുള്ള മോണിറ്ററിംഗ് ഗ്രൂപ്പ് വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി സ്കൂൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. സ്കൂൾ ഹെഡ്മിസ്ട്രസ്, എസ്.എം.സി അംഗങ്ങൽ ചുമതലക്കാരായ അധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതാണ്.

## ഉപസംഹാരം

അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്ന ആശയത്തിലൂന്നി രൂപം നൽകിയ ഈ വിദ്യാലയ വികസന രേഖയിൽ അക്കാദമികവും സാമൂഹിക വുമായ മേഖലകളിലെ വികസനം സാധ്യമാകുന്നതിന് സഹായകമായ കർമ്മ പദ്ധതികൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. വ്യക്തമായ മുന്നൊരുക്കങ്ങളി ലൂടെ സമയബന്ധിതമായി തയാറാക്കിയ ഈ പദ്ധതി പ്രാവർത്തികമാക്കു ന്നതിലൂടെ പൊതുവിദ്യാഭ്യാസരംഗത്തെ നിലവിലുള്ള കുറവുകൾ പരിഹ രിച്ച് കുട്ടികളുടെ സമഗ്രവികസനത്തിന് വഴിയൊരുക്കുന്ന ഒരു നാഴികക്ക ല്ലായി മാറുകയാണ്. ശാസ്ത്രവീക്ഷണം പോലെ മാറ്റപ്പെടലുകളിലൂടെയും, സംവാദങ്ങളിലുടെയും തിരുത്തലുകളിലൂടെയും ആത്മശുദ്ധി കൈവരിച്ച് ഒരു വഴികാട്ടിയായി മാറട്ടെ എന്ന ശുഭ പ്രതീക്ഷയോടെ ഗവ. എൽ.പി.എ സ്. പത്താനാപുരത്തിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ സവിനയം സമർപ്പിക്കട്ടെ.